(ഡി) ഖാദി വിപണന മേഖല ലാഭ-നഷ്ടരഹിത വ്യവസ്ഥയിലാണ് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി പൂർണ്ണമായും നഷ്ടത്തിൽ പ്രവർത്തിക്കുന്ന വില്പനശാലകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തെക്കേക്കര പല്ലാരിമംഗൽ ഖാദി സൗഭാഗ്യക്ക് കെട്ടിട നിർമ്മാണം

130 (475) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ തെക്കേക്കര പല്ലാരിമംഗൽ ഖാദി സൗഭാഗ്യക്ക് ഭരണാനുമതി ലഭ്യമായിട്ടും നാളിതുവരെ കെട്ടിട നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാവേലിക്കര നിയോജകമണ്ഡലത്തിലെ തെക്കേക്കരയിൽ കേരള ഖാദി സർവ്വോദയ സംഘത്തിന് വേണ്ടി ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1-11-2014-ലെ GO(Rt) No.1226/14/ID ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. കേന്ദ്ര ഖാദി കമ്മീഷൻ അനുവദിച്ച തുക പിൻവലിക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ടും തുക പിൻവലിക്കുന്ന ഉദ്യോഗസ്ഥനെ സംബന്ധിച്ചും വ്യക്തത വരുത്തുന്നതിനായി ഈ വിഷയം ധനകാര്യവകുപ്പ് പരിശോധിച്ചുവരുന്നു.

നഷ്ടത്തിലായ ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾ

131 (476) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ആകെ എത്ര ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളാണുള്ളത് ;

(ബി) ഇതിൽ ഏതെങ്കിലും നഷ്ടത്തിൽ പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ അവയുടെ എണ്ണം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവ നഷ്ടത്തിലാകാൻ കാരണം എന്താണ് ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 374 ഉല്പാദന യൂണിറ്റുകളും 25696 ഗ്രാമവ്യവസായ യൂണിറ്റുകളും ഉണ്ട്.

(ബി) ഖാദി ഉല്പാദക യൂണിറ്റുകൾ ലാഭനഷ്ട കണക്ക് അടിസ്ഥാനമാക്കിയല്ല പ്രവർത്തിക്കുന്നത്. അതിനാൽ ഖാദി ഗ്രാമവ്യവസായ യൂണിറ്റുകളുടെ പ്രവർത്തനത്തിന്റെ സാമ്പത്തിക വിശകലനം നടത്തിയിട്ടില്ല.

(സി) മാർക്കറ്റിംഗ് രംഗത്തെ മത്സരങ്ങൾ, തൊഴിലാളികളുടെ ലഭ്യതക്കുറവ്, ആധുനികവത്ക്കരണത്തിന്റെ പരിമിതി തുടങ്ങിയ കാരണങ്ങൾ കൊണ്ട് പല യൂണിറ്റുകളുടേയും പ്രവർത്തനം മന്ദീഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമ വ്യവസായ ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ നേതൃത്വത്തിൽ വിപണന മേളകൾ സംഘടിപ്പിക്കാറുണ്ട്. സാങ്കേതിക സഹായം ആവശ്യമായ യൂണിറ്റുകൾക്ക് ആയത് നൽകുന്നതിനും വിപണനം നടത്തുന്നതിനും ഖാദി ഗ്രാമവ്യവസായ ബോർഡ് സഹായം നൽകുന്നുണ്ട്.

ഇ-ഫയലിംഗ് സംവിധാനം

132 (477) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകാര്യവകുപ്പിൽ നടപ്പിലാക്കിയ ഇ-ഫയലിംഗ് സംവിധാനത്തിന്റെ പോരായ്മകൾ സംബന്ധിച്ച് ജീവനക്കാർക്കുള്ള അഭിപ്രായം ആരായുമോ ; ഇതിന്റെ അടിസ്ഥാനത്തിൽ തിരുത്തൽ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇ-ഫയലിംഗ് സംവിധാനത്തിൽ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് ജീവനക്കാർക്കുള്ള അഭിപ്രായങ്ങൾ ആരാഞ്ഞ് തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly